പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6176 10.07.2012- ൽ മറുപടിയ്ക്ക്

## മൃഗാശുപത്രികളുടെ നവീകരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബി. സത്യൻ | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി). |
| (എ) മൃഗാശുപത്രികൾ നവീകരിക്കാൻ മൃഗസംരക്ഷണ വകുപ്പ് ഏതെല്ലാം പദ്ധതികളാണ് നടപ്പിൽ വരുത്തുന്നത്; | (എ) മൃഗാശുപത്രികൾ നവീകരിക്കാൻ മൃഗസംരക്ഷണ വകുപ്പ് താഴെ പറയുന്ന പദ്ധതികളാണ് 2012-13 സാമ്പത്തിക വർഷം നടപ്പിലാക്കിവരുന്നത്.<br>(എ) മൂലധന ശീർഷകം(4403)<br>1. 4403-101-99 (പി) മൃഗചികിത്സാ സേവനവും മൃഗാരോഗ്യവും ശീർഷകത്തിൽ 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>2. 4403-101-96 (പി) മൃഗാരോഗ്യവും മൃഗചികിത്സാ സേവനം ശക്തിപ്പെടുത്തൽ ശീർഷകത്തിൽ 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നബാർഡ് മുഖേന ഗ്രാമീണ അടിസ്ഥാന വികസനം ലക്ഷ്യമാക്കി ഗ്രാമീണ മേഖലയിലെ മൃഗാശുപത്രികൾ ശക്തിപ്പെടുത്തുന്നതിനാണ് ഈ തുക വകയിരുത്തിയിട്ടുള്ളത്.<br>(ബി) റവന്യൂ ശീർഷകം ( 2403)<br>1.2403-101-72 (പി) പ്രകാരം നിലവിലുള്ള മൃഗാശുപത്രികളുടേയും ഡിസ്പെൻസറികളുടേയും വികസനത്തിനായി (75% കേന്ദ്ര സഹായം) സംസ്ഥാന ബഡ്ജറ്റിൽ 800 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

(ബി) ഇതിനായി പരമാവധി എത്ര രൂപവരെ നൽകാറുണ്ട് ;

(ബി) മൂലധന ശീർഷകങ്ങളായ 4403-101-99 (പി) ലും 4403-101-96 (പി) ലും 300 ലക്ഷം രൂപ വീതമാണ് 2012-13 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ളത്. ആയതിൽ എസ്റ്റിമേറ്റ് ലഭിക്കുന്നതിനനുസരിച്ച് എസ്റ്റിമേറ്റ് തുകയ്ക്ക് ബഡ്ജറ്റ് വിഹിതം പരിമിതപ്പെടുത്തി ഭരണാനുമതി നൽകുന്നു.

റവന്യൂ ശീർഷകമായ 2403-101-72 (പി) ശീർഷകം 75% കേന്ദ്ര സഹായ പദ്ധതിയാണ്. ആയതിന് കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശ പ്രകാരം വെറ്ററിനറി ഡിസ്പെൻസറി നവീകരിക്കുന്നതിന് 5 ലക്ഷം രൂപയും; വെറ്ററിനറി ഹോസ്പിറ്റൽ നവീകരിക്കുന്നതിന് 8.5 ലക്ഷം രൂപയുമാണ് പരമാവധി നൽകുന്നത്.

(സി) മൃഗാശുപത്രിക്ക് കെട്ടിടം നിർമ്മിക്കാൻ മൃഗസംരക്ഷണ വകുപ്പ് ഭരണാനുമതി നൽകാറുണ്ടോ ; എങ്കിൽ മൃഗസംരക്ഷണ വകുപ്പ് ഇതിനായി പരമാവധി എത്ര രൂപവരെ അനുമതി നൽകുമെന്ന് വ്യക്തമാക്കുമോ ?

(സി) ഉണ്ട്.

അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി മൃഗസംരക്ഷണ വകുപ്പിന്റെ മൃഗാശുപത്രികൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യിട്ടുള്ളതാണ്. ഈ മൃഗാശുപത്രികളുടെ മരാമത്ത് പണികളുടെ ചുമതല പഞ്ചായത്തിൽ നിക്ഷിപ്തമാണ്. സ്വന്തമായി കെട്ടിടമില്ലാത്ത മൃഗാശുപത്രികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ബഡ്ജറ്റിൽ താഴെ പറയുന്ന പദ്ധതികളിൽ തുക വകയിരുത്തിയിട്ടുണ്ട്.

മൂലധന ശീർഷകങ്ങളായ 4403-101-99 (പി) ലും 4403-101-96 (പി) ലും 300 ലക്ഷം രൂപ വീതമാണ് 2012-13 സാമ്പത്തിക വർഷം മൃഗാശുപത്രികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുൾപ്പെടെ വകയിരുത്തിയിട്ടുള്ളത്. ആയതിൽ എസ്റ്റിമേറ്റ്

ലഭിക്കുന്നതിനനുസരിച്ച് എസ്റ്റിമേറ്റ് തുകയ്ക്കാണ് ഭരണാനുമതി നൽകുന്നത്.

റവന്യൂ ശീർഷകമായ 2403-101-72 (പി) ശീർഷകം 75% കേന്ദ്ര സഹായ പദ്ധതിയാണ്. ആയതിന് കേന്ദ്ര സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശ പ്രകാരം വെറ്ററിനറി ഡിസ്പെൻസറിയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 10.6 ലക്ഷം രൂപയും, വെറ്ററിനറി ഹോസ്പിറ്റലിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 13.4 ലക്ഷം രൂപയുമാണ് പരമാവധി നൽകുന്നത്. മുൻ വർഷങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ധനസഹായമായി മൃഗാശുപത്രി-കൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റിന്റെ 50% തുക വകുപ്പ് വിഹിതമായി നൽകിയിരുന്നു. 2012-13 സാമ്പത്തിക വർഷം ഈ പദ്ധതിക്ക് തുക വകയിരുത്തിയിട്ടില്ല.

സെക്ഷൻ ഓഫീസർ